പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 474 **13-10-2026-ൽ മറുപടിയ്ക്ക്**

ഐ.ടി. മേഖലയുടെ നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജി ചെറിയാൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ഇൻഫർമേഷൻ ടെക്നോളജി വകുപ്പിനെ കേരള ടെക് എന്ന് പുനർനാമകരണം ചെയ്യുന്നതിലൂടെ ഐ.ടി. സേവനങ്ങൾക്കപ്പുറം ബയോടെക്നോളജി, റോബോട്ടിക്സ് തുടങ്ങിയ ഉന്നത സാങ്കേതിക വ്യവസായ മേഖലകളെ ഏകോപിപ്പിക്കുന്നതിനുള്ള നയപരമായ ചട്ടക്കൂട് എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിനെ "ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഫ്യൂച്ചർ ടെക്നോളജീസ് വകുപ്പ്" (വിവരസാങ്കേതിക വിദ്യ, നിർമ്മിതബുദ്ധി, ഭാവി സാങ്കേതികവിദ്യ വകുപ്പ്) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

ഇന്ന് സാങ്കേതികവിദ്യ എല്ലാ മേഖലകളുടെയും അടിസ്ഥാന ഘടകമായി മാറിയിരിക്കുകയാണ്. "കേരള ടെക്" എന്ന ഏകീകൃത ബ്രാൻഡ് കേരളത്തെ ഒരു ഐ.ടി. സേവന കേന്ദ്രം എന്നതിലുപരി ഒരു സമഗ്ര സാങ്കേതികവിദ്യാ- നവീകരണ കേന്ദ്രമായി ആഗോളതലത്തിൽ അവതരിപ്പിക്കുന്നു. ഇതിലൂടെ ആഗോള സാങ്കേതിക സ്ഥാപനങ്ങൾ, GCCകൾ, സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, നവീകരണ സംരംഭങ്ങൾ എന്നിവയ്ക്കിടയിൽ കേരളത്തിന്റെ സാന്നിദ്ധ്യവും മത്സരശേഷിയും കൂടുതൽ ശക്തമാകും.

(ബി) സാങ്കേതികവിദ്യയുടെ വികസനത്തിനായി വിഭാവനം ചെയ്തിട്ടുള്ള കെ-എ.ഐ. പ്രോജക്ടിന് കീഴിൽ ധാർമ്മികവും സുരക്ഷിതവുമായ രീതിയിൽ നിർമ്മിത ബുദ്ധി എങ്ങനെ പ്രായോഗികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

മറുപടി: സർക്കാർ വകുപ്പുകൾ നേരിടുന്ന യഥാർത്ഥ ഭരണപ്രശ്നങ്ങൾക്ക് നിർമ്മിത ബുദ്ധി അധിഷ്ഠിത പരിഹാരങ്ങൾ കണ്ടെത്തി നടപ്പിലാക്കാനുള്ള സംവിധാനമാണ് കെ-എ.ഐ. പ്രോജക്ട്. കെ-എ.ഐ പ്രോജക്ടിലൂടെ വകുപ്പുതല ഭരണപ്രശ്നങ്ങൾ എങ്ങനെ ഫലപ്രദമായി പരിഹരിക്കാമെന്ന് ചുവടെ വിവരിക്കുന്നു:

കെ-എ.ഐ പോർട്ടലിൽ പ്രോബ്ലം സ്റ്റേറ്റ്മെന്റ് ആയി വകുപ്പുകൾ തങ്ങളുടെ പ്രായോഗിക പ്രശ്നങ്ങൾ പ്രസിദ്ധീകരിക്കുന്നു. സ്റ്റാർട്ടപ്പുകൾ, ഐ.ടി. വ്യവസായ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവ നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ പരിശോധിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കും.

പ്രശ്നപരിഹാരം വലിയതോതിൽ നടപ്പിലാക്കുന്നതിന് മുൻപായി ആയതിന്റെ സാങ്കേതിക സാധ്യത, പ്രവർത്തനക്ഷമത, ഡാറ്റാ സുരക്ഷ, സ്കേലബിലിറ്റി എന്നിവ യഥാർത്ഥ സാഹചര്യത്തിൽ പരീക്ഷിച്ച് ഉറപ്പുവരുത്തുന്നു. മാത്രമല്ല മേൽ പദ്ധതിയിലൂടെ ലഭ്യമാകുന്ന എ.ഐ. പരിഹാരങ്ങൾ സുതാര്യവും ഉത്തരവാദിത്തമുള്ളതുമായ രീതിയിൽ

ഉപയോഗിക്കാൻ ഉദ്യോഗസ്ഥരെ സജ്ജരാക്കാൻ VidyAI പ്രോഗ്രാം വഴി പരിശീലനവും നൽകുന്നുണ്ട്.

(സി) ഇൻഫോപാർക്ക് ഫേസ് 3-ൽ 500 ഏക്കറിൽ വിഭാവനം ചെയ്യുന്ന എ.ഐ. നേറ്റീവ് സിറ്റി എന്ന ആശയം സംസ്ഥാനത്തെ ഐ.ടി ആവാസവ്യവസ്ഥയിൽ (IT Ecosystem) എന്തെല്ലാം ഘടനാപരമായ മാറ്റങ്ങളാണ് കൊണ്ടുവരികയെന്ന് വിശദമാക്കാമോ;

<u>മറുപടി:</u> ഇൻഫോപാർക്ക് ഫേസ് 3-ൽ വിഭാവനം ചെയ്യുന്ന എ.ഐ. നേറ്റീവ് സിറ്റിയിലൂടെ സംസ്ഥാനത്തെ ഐ.ടി. ആവാസവ്യവസ്ഥയിൽ (IT Ecosystem) ചുവടെ നൽകും പ്രകാരമുള്ള ഘടനാപരമായ മാറ്റങ്ങളാണ് സൃഷ്ടിക്കപ്പെടുക.

<u>1) സ്മാർട്ട് ഗവേണൻസും ഇൻഫ്രാസ്ട്രക്ചറും:</u>

എ.ഐ. സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ നിർമ്മിതികൾ, ഗതാഗത മാനേജ്മെന്റ്, ഊർജ്ജ വിനിയോഗം, മാലിന്യ സംസ്കരണം എന്നിവ ഉൾപ്പെടുത്തി സമ്പൂർണ്ണ സ്മാർട്ട് നഗര ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നു.

<u>2) ആഗോള നിക്ഷേപവും തൊഴിലവസരങ്ങളും:</u>

എ.ഐ., ഡാറ്റാ അനലിറ്റിക്സ്, മെഷീൻ ലേണിംഗ് മേഖലകളിലെ ആഗോള കമ്പനികളെയും ഗവേഷണ സ്ഥാപനങ്ങളെയും ആകർഷിക്കുന്നതിലൂടെ ഉയർന്ന നൈപുണ്യമുള്ള സാങ്കേതിക തൊഴിലവസരങ്ങൾ വർദ്ധിക്കുന്നു.

<u>3) ഗവേഷണ-വികസന കേന്ദ്രീകൃത ആവാസവ്യവസ്ഥ (R&D Ecosystem):</u>

പരമ്പരാഗത ഐ.ടി. സേവനങ്ങളിൽ നിന്ന് മാറി എ.ഐ. ഉൽപ്പന്ന വികസനത്തിനും നൂതന സാങ്കേതിക ഗവേഷണങ്ങൾക്കും മുൻഗണന നൽകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു.

<u>4) സ്റ്റാർട്ടപ്പ് വളർച്ചയും ഇന്നൊവേഷനും</u>

പുതിയ സാങ്കേതിക സംരംഭങ്ങൾക്ക് (Startups) അത്യാധുനിക എ.ഐ. ടൂളുകളും കമ്പ്യൂട്ടിംഗ് സൗകര്യങ്ങളും ആക്സസ് ചെയ്യാനുള്ള പ്ലാറ്റ്ഫോം ഒരുങ്ങുന്നു.

(ഡി) ഐ.ടി. പാർക്കുകളിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള ഐ.ടി. പാർക്ക് അഫിലിയേഷൻ സ്കീം, പ്രൈവറ്റ് ഐ.ടി. പാർക്ക് പ്രൊമോഷൻ സ്കീം എന്നിവയുടെ അടിസ്ഥാനത്തിലുള്ള സ്വകാര്യ ഭൂവിനിയോഗ മാതൃകകൾ എപ്രകാരമാണ് പ്രവർത്തിക്കുകയെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> സ്വകാര്യ നിക്ഷേപകർ നിർമ്മിക്കുന്ന അനുയോജ്യമായ ഭൗതിക സാഹചര്യങ്ങളുള്ള ഐ.ടി. കെട്ടിടങ്ങൾക്കും വാണിജ്യ ഇടങ്ങൾക്കുംഐ.ടി. പാർക്കുകളുടെ (Technopark / Infopark / Cyberpark) അഫിലിയേഷൻ നൽകുക എന്നതാണ് ഐ.ടി. പാർക്ക് അഫിലിയേഷൻ സ്കീമിന്റെ ലക്ഷ്യം. ഇത്തരം കെട്ടിടങ്ങളിലെ ഐ.ടി. കമ്പനികൾക്ക് സർക്കാർ ഐ.ടി. പാർക്കുകളിലെ അതേ ആനുകൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ബ്രാൻഡിംഗ് പിന്തുണയും ലഭിക്കുന്നു. സ്വകാര്യ ഭൂവുടമകൾക്കോ ഡെവലപ്പർമാർക്കോ സ്വന്തം ഭൂമിയിൽ ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിനുള്ള നയപരമായ

പിന്തുണയും ഏകജാലക അനുമതികളും (Single Window Clearances) ലഭ്യമാക്കുക എന്നതാണ് പ്രൈവറ്റ് ഐ.ടി. പാർക്ക് പ്രൊമോഷൻ സ്കീം കൊണ്ടുദ്ദേശിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനം, നികുതി ഇളവുകൾ, സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകൾ തുടങ്ങിയ ആനുകൂല്യങ്ങൾ പങ്കാളിത്ത മാതൃകയിൽ (PPP Model) പ്രയോജനപ്പെടുത്തുക വഴി ഐ.ടി. മേഖലയിലെ സ്ഥലപരിമിതി വേഗത്തിൽ പരിഹരിക്കാൻ ഇത് സഹായിക്കുന്നു.

സെക്ഷൻ ഓഫീസർ